# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 383 17.12.2014 – ൽ മറുപടിയ്ക്ക്

## ഔഷധ കൃഷിക്കായി കേന്ദ്ര ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. ഇ ചന്ദ്രശേഖരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) |

(എ) ഔഷധ കൃഷിക്കായി കേന്ദ്രത്തിൽ നിന്നും മൊത്തം അനുവദിച്ച ഫണ്ട് എത്ര ; ഇതിൽ ചെലവഴിക്കാത്ത തുകയെത്രയെന്ന് വെളിപ്പെടുത്തുമോ ;

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാ വകുപ്പിലും മറ്റ് സ്ഥാപനങ്ങളിലും ഔഷധകൃഷിക്കായി കേന്ദ്രത്തിൽ നിന്നും അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു :-

| വകുപ്പ് / സ്ഥാപനം | അനുവദിച്ച തുക | ലഭിച്ച തുക | ചെലവഴിക്കാത്ത തുക |
|---|---|---|---|
| ഭാരതീയ ചികിത്സാ വകുപ്പ് | 21 ലക്ഷം രൂപ | 11 ലക്ഷം രൂപ | ഇല്ല |
| സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് | 56.09 ലക്ഷം രൂപ | 29.96 ലക്ഷം രൂപ | 37000 രൂപ |
| ഔഷധി | 100 ലക്ഷം രൂപ | 89.66 ലക്ഷം രൂപ | 4,50,000 രൂപ |

(ബി) സംസ്ഥാനത്ത് ഔഷധ കൃഷിക്കായി ആവിഷ്കരിച്ച നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഈ പദ്ധതികൾ

(ബി) സംസ്ഥാനത്ത് ഔഷധ സസ്യ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പവരുത്തുന്നതിനും വേണ്ടി സംസ്ഥാന ഔഷധ സസ്യബോർഡ്

ഫലവത്താക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

'ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം', 'ദേശീയ നെല്ലിമിഷൻ','സ്കൂളിലൊരു ഔഷധത്തോട്ടം', 'ഗൃഹാങ്കണത്തിൽ അശോകവും ചന്ദനവും' തുടങ്ങിയ ജനപ്രിയ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ തനത് ആവാസ വ്യവസ്ഥയിലേയും ആവാസ വ്യവസ്ഥയ്ക്ക് പുറമെയുമുള്ള ഔഷധ സസ്യ സംരക്ഷണം ജില്ലാതല ഔഷധ സസ്യ ഉദ്യാനങ്ങൾ, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലെ ഔഷധ സസ്യ ഉദ്യാനങ്ങൾ, ബോധവൽക്കരണം, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉൽപാദനം തുടങ്ങി ഔഷധസസ്യ മേഖലയെ പരിപോഷിപ്പിക്കുവാൻ ഉതകുന്ന വിവിധ പദ്ധതികൾ സംസ്ഥാന ഔഷധ സസ്യബോർഡ് നടപ്പാക്കിവരുന്നുണ്ട്. ഇവയെല്ലാംതന്നെ ഫലവത്താക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഔഷധ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

(സി) സംസ്ഥാന ഔഷധ സസ്യബോർഡ് നിലവിൽ വിജയകരമായി നടപ്പാക്കിവരുന്ന പദ്ധതികളായ 'ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം', 'സ്കൂളിലൊരു ഔഷധത്തോട്ടം', 'സർക്കാർ സർക്കാരിതര തരിശുഭൂമികളിലെ ഔഷധസസ്യ കൃഷി', 'വനംവകുപ്പുമായി സഹകരിച്ചുള്ള ഔഷധസസ്യകൃഷി ', ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ ഉൽപാദനം, തനത് ആവാസ വ്യവസ്ഥയിലേയും ആവാസ വ്യവസ്ഥയ്ക്ക് പുറമെയുമുള്ള ഔഷധ സസ്യ സംരക്ഷണം തുടങ്ങിയവ കൂടുതൽ

മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഔഷധ സസ്യകൃഷി കൂടുതൽ ജനകീയമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഔഷധസസ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടും കർഷക സംഘങ്ങളുടെ സഹായ സഹകരണത്തോടും ദേശീയ ഔഷധ സസ്യബോർഡിന്റെ സാമ്പത്തിക സഹായത്തോടുംകൂടി " ഗ്രാമീണം" എന്ന പദ്ധതി നടപ്പാക്കുവാൻ സംസ്ഥാന ഔഷധ സസ്യബോർഡ് ലക്ഷ്യമിടുന്നു. കൂടാതെ 'ഔഷധി 'യുടെ കുട്ടനെല്ലൂരുള്ള പ്ലാന്റേഷനിലും, കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള പ്ലാന്റേഷനിലും ഉദ്ദേശം 1,00,000 ഔഷധ സസ്യങ്ങൾ ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അടുത്ത വർഷം കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള പ്ലാന്റേഷനിൽ ചുരുങ്ങിയത് അഞ്ച് ഏക്കറിൽ ഔഷധ നിർമ്മാണത്തിനാവശ്യമായ പുളി നട്ടുവളർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ